പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2996** 07.12.2018-ൽ മറുപടിക്ക്

## പ്ലാന്റേഷൻ കോർപ്പറേഷൻ തൊഴിലാളികളുടെ മിനിമം കൂലി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോജി എം. ജോൺ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) പ്ലാന്റേഷൻ കോർപ്പറേഷൻ തൊഴിലാളികളുടെ വേതന വർദ്ധനവിന്റെ കാലാവധി എന്ന് അവസാനിച്ചുവെന്ന് അറിയിക്കാമോ; തൊഴിലാളികൾക്ക് വേതന വർദ്ധന ആനുകൂല്യം തുടർന്ന് നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;<br><br>(ബി) പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികളുടെ ശമ്പളത്തിൽ വർദ്ധനവ് വരുത്താത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) യും (ബി) യും സംസ്ഥാനത്തെ തോട്ടം മേഖലയുടെ വേതന പരിഷ്കരണം പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മിനിമം വേതന നിയമപ്രകാരം വിജ്ഞാപനം ചെയ്യുകയാണ് പതിവ്. പ്ലാന്റേഷൻ കോർപ്പറേഷൻ തൊഴിലാളികളുടെ വേതനവും മേൽ വിജ്ഞാപനത്തിനനുസരിച്ചാണ് നൽകിവരുന്നത്. പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിലുണ്ടാകുന്ന ഒത്ത്തീർപ്പ് സാധാരണ 3-വർഷകാലത്തേക്കായിട്ടാണ് ഉണ്ടാകുന്നത്. എന്നാൽ നിലവിലെ വേതന പരിഷ്കരണം സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ധാരണയിലെത്താൻ കഴിയാത്ത സാഹചര്യത്തിൽ മിനിമം വേതന നിയമ പ്രകാരം സർക്കാർ വിജ്ഞാപനം ചെയ്യുകയും ആയതിന് 01/07/2015 മുതൽ പ്രാബല്യം നൽകുകയും ചെയ്തിട്ടുണ്ട്. പ്ലാന്റേഷൻ കോർപ്പറേഷനിലെ തൊഴിലാളികൾക്ക് 01/07/2018 മുതൽ ഹാജരൊന്നിന് 80/-രൂപ നിരക്കിൽ ഇടക്കാലാശ്വാസം നൽകി വരുന്നുണ്ട്. തോട്ടം മേഖലയിലെ തൊഴിലാളികളുടെ വേതന പരിഷ്കരണം സംബന്ധിച്ച പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച നടന്നുവരുന്നതും ആയത് അന്തിമഘട്ടത്തിലുമാണ്. |
| (സി) പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികളുടെ മിനിമം കൂലി ഇപ്പോൾ എത്രയാണെന്ന് വ്യക്തമാക്കുമോ; ഈ കൂലി ഇവർക്ക് പര്യാപ്തമാണോയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) തോട്ടം മേഖലയിലെ തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള സ.ഉ.(അച്ചടി) 76/2016/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ടൈം റേറ്റഡ് വർക്കേഴ്സിന്റെ നിലവിലെ കൂലി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

(i) തേയില

| | | | |
|---|---|---|---|
| 1. | ഫീൽഡ് വർക്കർ | അടിസ്ഥാന വേതനം | 256.21 |
| | | ക്ഷാമബത്ത (1.10.2018) | 72.45 |
| | | **ആകെ** | **328.66** |
| 2. | ഫാക്ടറി വർക്കർ | അടിസ്ഥാന വേതനം | 259.46 |
| | | ക്ഷാമബത്ത | 72.45 |
| | | **ആകെ** | **331.91** |
| | | **(ii) റബ്ബർ** | |
| 1. | ഫീൽഡ് വർക്കർ | അടിസ്ഥാന വേതനം | 336.21 |
| | | ക്ഷാമബത്ത | 72.45 |
| | | **ആകെ** | **408.66** |
| 2. | ഫാക്ടറി വർക്കർ | അടിസ്ഥാന വേതനം | 341.08 |
| | | ക്ഷാമബത്ത | 72.45 |
| | | **ആകെ** | **413.53** |
| | | **(iii) കാപ്പി** | |
| 1. | ഫീൽഡ് വർക്കർ | അടിസ്ഥാന വേതനം | 256.21 |
| | | ക്ഷാമബത്ത | 72.45 |
| | | **ആകെ** | **328.66** |
| | | **(iv) ഏലം** | |
| 1. | ഫീൽഡ് വർക്കർ | അടിസ്ഥാന വേതനം | 256.21 |
| | | ക്ഷാമബത്ത | 72.45 |
| | | **ആകെ** | **328.66** |

(ഡി) സംസ്ഥാനത്ത് സർക്കാർ മിനിമം കൂലിയായി എത്ര രൂപയാണ് തൊഴിലാളികൾക്ക് നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) മിനിമം വേതന നിയമപ്രകാരം ഷെഡ്യൂൾ ചെയ്തിട്ടുള്ള തൊഴിൽ മേഖലയിലെല്ലാം പ്രത്യേകമായ കൂലി വ്യവസ്ഥയാണ് നിലനിൽക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ കാലാകാലങ്ങളിൽ കൂലി പുതുക്കി നിശ്ചയിച്ചുവരുന്നു. വിവിധ തൊഴിൽ മേഖലകളിലെ സാഹചര്യവും വേതനവ്യവസ്ഥയും പരിശോധിച്ച് മിനിമം വേതനം 600 രൂപയായി നിശ്ചയിക്കണമെന്നാണ് സർക്കാരിന്റെ തൊഴിൽ നയത്തിൽ വിഭാവനം ചെയ്യുന്നത്.

(ഇ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 600 രൂപ മിനിമം കൂലിയെങ്കിലും കോർപ്പറേഷൻ തൊഴിലാളികൾക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(ഇ) പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ നടന്നുവരുന്ന വേതന പരിഷ്കരണ ചർച്ചയുടെ അടിസ്ഥാനത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ.